# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 237 10.12.2012 -ൽ മറുപടിയ്ക്ക്

### മാറാട് സംഭവത്തിലെ ഗൂഢാലോചന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ എളമരം കരീം :<br>ശ്രീ കെ. ദാസൻ :<br>ശ്രീ പി. റ്റി. എ. റഹീം :<br>ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ): | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) മാറാട് സംഭവത്തിൽ ഗൂഢാലോചന നടന്നതായി കാണുന്നുവെന്ന കേരള ഹൈക്കോടതി വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഗൂഢാലോചന സംബന്ധിച്ച അന്വേഷണത്തിൽ ബോധപൂർവ്വമായ വീഴ്ചകൾ വന്നതായി കോടതി കണ്ടെത്തിയിട്ടുണ്ടോ; കൂടുതൽ സമഗ്രമായ അന്വേഷണം നടത്താൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഗൂഢാലോചന സംബന്ധിച്ച അന്വേഷണത്തിൽ ബോധപൂർവ്വമായ വീഴ്ചകൾ വന്നതായി കോടതി കണ്ടെത്തിയതായി അറിയില്ല. ക്രൈം ബ്രാഞ്ച് പ്രത്യേക അന്വേഷണ സംഘം ഇതു സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി വരുന്നു. |
| സി) മാറാട് കലാപം സംബന്ധിച്ച് കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ വിശദീകരിക്കാമോ ; വിധിയെ തുടർന്ന് കൈക്കൊണ്ട തുടർ നടപടികൾ വിശദമാക്കുമോ ? | (സി) പ്രതികളുടെ ഇടയിൽ ന്യായ വിരോധമായ സംഘംചേരൽ ഉണ്ടായിട്ടുണ്ടെന്നും അവർ ലഹള ഉണ്ടാക്കി എന്നുമുള്ള വിചാരണ കോടതിയുടെ കണ്ടെത്തൽ ബഹു. ഹൈക്കോടതി ശരിവച്ചിട്ടുണ്ട്. കീഴ്ക്കോടതിയുടെ ശിക്ഷാവിധി ഹൈക്കോടതി ശരിവച്ചു. എന്നാൽ കീഴ്ക്കോടതി വെറുതെവിട്ട 76 പ്രതികളിൽ 24 പേർക്ക് ഹൈക്കോടതി ശിക്ഷ വിധിച്ചു.<br>കേസിലുൾപ്പെട്ട സാഹചര്യങ്ങളും വസ്തുതകളും പരിശോധിക്കുമ്പോൾ സംഭവത്തിനു പിന്നിൽ ആഴത്തിലുള്ള ഗൂഢാലോചന നടന്നിട്ടുണ്ടെന്നും ഇക്കാര്യത്തിൽ കൂടുതൽ ആത്മാർത്ഥവും ഗൗരവതരവുമായ അന്വേഷണം യഥാർത്ഥ പ്രതികളെ വെളിച്ചത്തുകൊണ്ടു വരുവാൻ അത്യന്താപേക്ഷിതവുമാണെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. കുറ്റങ്ങൾ ആരോപിക്കപ്പെട്ട പ്രതികൾക്കെതിരെയുള്ള കീഴ്ക്കോടതിയുടെ കണ്ടെത്തലുകൾ ബഹു. ഹൈക്കോടതി ശരിവച്ചു. വിധിക്കെതിരെ അപ്പീലിനു സാദ്ധ്യതയുണ്ടോ എന്നതിന്റെ നിയമവശം പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ